# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2254 11.02.2020-ൽ മറുപടിക്ക്

## തൃപ്പൂണിത്തുറയിലെ പൈതൃക പാലം

**ചോദ്യം**

ശ്രീ.എം. സ്വരാജ്

**ഉത്തരം**

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ബഹു. തുറമുഖവും മ്യൂസിയവും
പുരാവസ്തു സംരക്ഷണവും, പുരാരേഖയും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| | തൃപ്പൂണിത്തുറയിൽ പുതിയ പാലത്തിന്റെ നിർമ്മാണം ആരംഭിക്കുമ്പോൾ പൊളിച്ചുമാറ്റുന്ന പൈതൃക പാലം (ഇരുമ്പു പാലം) തൃപ്പൂണിത്തുറ ഹിൽ പാലസ് മ്യൂസിയത്തിൽ സ്ഥാപിച്ച് സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം അറിയിക്കുമോ ? | | തൃപ്പൂണിത്തുറയിലെ ഇരുമ്പുപാലം നൂറുവർഷത്തിലധികം പഴക്കമുള്ളതും ചരിത്ര-പൈതൃക പ്രധാന്യമുള്ളതുമായ നിർമ്മിതിയാണ്. അതുകൊണ്ട് തന്നെ ഈ പാലം നിലവിലുള്ള സ്ഥലത്ത് സംരക്ഷിച്ച് നിലനിർത്തുന്നതാണ് ഉചിതം എന്നാണ് പുരാവസ്തു വകുപ്പ് ഡയറക്ടർ റിപ്പോർട്ട് നൽകിയിരിക്കുന്നത്. ഒഴിവാക്കാനാവാത്ത സാഹചര്യത്തിൽ, പാലം ഇളക്കി മാറ്റി ഹിൽപ്പാലസ് മ്യൂസിയത്തിൽ സ്ഥാപിച്ച് സംരക്ഷിക്കുന്നതിനെക്കുറിച്ച് വിദഗ്ധ പരിശോധന നടത്തി ഉചിതമായ തീരുമാനമെടുക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**